**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1765** **15-03-2022 - ൽ മറുപടിയ്ക്ക്**

**വയോശ്രേഷ്ഠ സമ്മാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ പ്രകടനം നീതി ആയോഗിന്റെ പ്രശംസയ്ക്ക് പാത്രമായിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പ്രശംസയ്ക്ക് അർഹമാകുന്ന നിലയിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ്, ജയിൽ തടവുകാർ, അവരുടെ ആശ്രിതർ, മറ്റു പാർശ്വവത്ക്കരിക്കപ്പെട്ടവർ എന്നിവർക്കായി വിവിധ പദ്ധതികൾ സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്നു. ക്ഷേമ രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വകുപ്പ് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്. |
| (ബി) | വയോജന പരിപാലനത്തിൽ മികച്ച ദേശീയ മാതൃകയായി തെരഞ്ഞെടുത്ത് വയോശ്രേഷ്ഠ സമ്മാൻ നൽകി സംസ്ഥാനത്തെ കേന്ദ്ര സർക്കാർ ആദരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 മാതൃകാപരമായി നടപ്പിലാക്കിയ സംസ്ഥാനത്തിനുള്ള കേന്ദ്രസർക്കാരിന്റെ 2021 ലെ വയോശ്രേഷ്ഠ സമ്മാൻ അവാർഡാണ് കേരളത്തിന് ലഭിച്ചത്. |
| (സി) | പ്രസ്തുത നേട്ടം സ്വന്തമാക്കുന്നതിന് സംസ്ഥാനത്തെ പ്രാപ്തമാക്കുന്നതിനായി വയോജന പരിപാലനത്തിന് സർക്കാർ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി MWPSC Act അനുസരിച്ചുള്ള പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. നിയമത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് മെയിന്റനൻസ് ട്രിബ്യൂണലുകളെ സഹായിക്കുന്നതിനു 27 ടെക്നിക്കൽ അസിസ്റ്റന്റുമാരെ സാമൂഹ്യനീതി വകുപ്പ് നിയമിച്ചിട്ടുണ്ട്. എല്ലാ ട്രിബ്യൂണലുകളിലും കൺസീലിയെഷൻ പാനൽ രൂപീകരിച്ചിട്ടുണ്ട്. കൺസീലിയെഷൻ പാനലിൽ പ്രവർത്തിക്കുന്നവർക്ക് ഹോണറേറിയം നൽകുന്നു. മെയിന്റനൻസ് ട്രിബ്യൂണലുകളുടെ സഹായത്തോടെ അദാലത്തുകൾ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ഇതു കൂടാതെ വയോജന പരിപാലനത്തിനായി വകുപ്പ് മുഖാന്തിരം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്ന മറ്റു പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**സെക്കന്റ് ഇന്നിംഗ്സ് ഹോം പ്രോജക്ട്**

സംസ്ഥാനത്തെ വൃദ്ധ സദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയാണ് സെക്കന്റ് ഇന്നിംഗ്സ് ഹോം. കണ്ണൂർ ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതി മലപ്പുറം , കൊല്ലം എന്നീ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

**മുതിർന്ന പൗരന്മാർക്ക് ഗ്ലൂക്കോമീറ്റർ നൽകുന്നതിനുള്ള വയോമധുരം പദ്ധതി**

ബിപിഎൽ വിഭാഗത്തിൽപ്പെടുന്ന മുതിർന്ന പൗരന്മാരായ പ്രമേഹ രോഗികൾക്ക് ഗ്ലൂക്കോമീറ്ററുകൾ സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി നടപ്പിലാക്കി വരുന്നു.

**വയോമിത്രം പദ്ധതി**

സംസ്ഥാനത്തെ കോർപ്പറേഷൻ / മുനിസിപ്പൽ ഏരിയകളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് ആരോഗ്യ പരിരക്ഷയും പിന്തുണയും നൽകുന്ന വയോമിത്രം പദ്ധതി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ നടപ്പിലാക്കി വരുന്നു. വയോമിത്രം പദ്ധതി പ്രധാനമായും മൊബൈൽ ക്ലിനിക്കുകൾ, പാലിയേറ്റീവ് കെയർ, ഹെൽപ്പ് ഡെസ്ക് തുടങ്ങിയ സേവനങ്ങളും സൗജന്യ മരുന്നു വിതരണവും നടത്തി വരുന്നു.

**വയോ അമൃതം പദ്ധതി**

ഈ പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ വൃദ്ധസദനങ്ങളിലെയും അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകുന്നു.

**മന്ദഹാസം–മുതിർന്ന പൗരന്മാർക്ക് കൃത്രിമ പല്ലുകൾ നൽകുന്നതിനുള്ള പദ്ധതി**

ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന മുതിർന്ന പൗരന്മാർക്ക് സൗജന്യമായി ടൂത്ത് സെറ്റ് നൽകുന്നതിനായുള്ള സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതിയാണ് മന്ദഹാസം . പല്ലുകൾ നഷ്ടപ്പെട്ടതിനുശേഷം പ്രായമായ ആളുകൾ നേരിടുന്ന പോഷക , ശാരീരിക, മാനസിക പ്രശ്നങ്ങൾ കുറയ്ക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം

**മുതിർന്ന പൗരന്മാർക്കായുള്ള 'സായംപ്രഭാ ഹോം പദ്ധതി' – വയോജനങ്ങൾക്കായുള്ള പകൽ പരിപാലന കേന്ദ്രം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ പകൽ വീടുകളിൽ അടിസ്ഥാന സൗകര്യങ്ങളും വിവിധ സേവനങ്ങളും ഉൾപ്പെടുത്തി സായംപ്രഭാ ഹോമുകളാക്കി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

**<u>മാതൃകാ സായംപ്രഭാ ഹോം പദ്ധതി</u>**

വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന സായംപ്രഭാ ഹോമുകളിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു സായംപ്രഭാ ഹോമിനെയാണ് മാതൃകാ സായംപ്രഭാ ഹോമാക്കി ഉയർത്തുന്നത്. പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയിലും, കോഴിക്കോട് ജില്ലയിലെ ചെങ്കോട്ടുകാവ് പഞ്ചായത്തിലുമാണ് സ്ഥാപിച്ചിരിക്കുന്നത്. ടി സ്ഥാപനങ്ങളിൽ നിന്നും ആരോഗ്യ പരിപാലനം , പോഷകാഹാര വിതരണം, ഫിസിയോതെറാപ്പി, വരുമാന വർദ്ധന പദ്ധതികൾ, കൗൺസിലിംഗ് & ഹെൽപ്പ് ഡെസ്ക്, ചലന സഹായ ഉപകരണങ്ങൾ, വിനോദോപാധികൾ, കമ്പ്യൂട്ടർ സാക്ഷരത ബോധവത്ക്കരണം തുടങ്ങിയവ ലഭ്യമാക്കി വരുന്നു.

**<u>വയോപോഷണം പദ്ധതി</u>**

പകൽ വീടുകളിൽ എത്തിയിരുന്ന വയോജനങ്ങൾക്ക് കോവിഡ് സാഹചര്യത്തിൽ പോഷകാഹാര കിറ്റ് നൽകുകയുണ്ടായി.

**<u>വയോക്ഷേമ കാൾ സെന്റർ</u>**

കോവിഡ് സാഹചര്യത്തിൽ വയോജനങ്ങൾക്ക് സേവനം നൽകുന്നതിനു എല്ലാ ജില്ലകളിലും വയോക്ഷേമ കാൾ സെന്റർ പ്രവർത്തിച്ചു വരുന്നു.

വയോജന സംരക്ഷണത്തിനായി സർക്കാർ മേഖലയിൽ 16 വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു . കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന സർക്കാർ ഗ്രാന്റ് അനുവദിച്ച് വരുന്നു.